# നൂതനവാദികൾ അഹ്‌ലുസ്സുന്നത്തിനെതിരിൽ ആരോപിക്കുന്ന പരിഹാസപ്പേരുകൾ

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ اللهُ )
**അവലംബ ഗ്രന്ഥം:** فتح رب البرية بتلخيص الحموية
**വിവർത്തനം:** *ഹംസ ജമാലി*

ഓരോ നബിമാർക്കും വാക്ക്, പ്രവർത്തി, കുതന്ത്രങ്ങൾ, കുപ്രചാരണങ്ങൾ തുടങ്ങി തങ്ങളാൽ സാധ്യമാകുന്നവകൊണ്ട് സത്യത്തിൽ നിന്ന് തെറ്റിക്കുന്നതിനായി കുറ്റവാളികളിൽ നിന്നുള്ള ശത്രുക്കളെ നിശ്ചയിക്കുകയെന്നത് അല്ലാഹുവിന്റെ യുക്തിയിൽ പെട്ടതാകുന്നു. അതുമൂലം സത്യം വെളിവാകുന്നതിനും അസത്യത്തെ അതിജയിക്കുന്നതിനുമാണിത്. നബി(ﷺ)യും സ്വഹാബികളും ഇത്തരം ധാരാളം പീഡനങ്ങൾക്ക് വിധേയരായിട്ടുണ്ട്. അല്ലാഹു പറയുന്നു:

وَلَتَسْمَعُنَّ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ مِن قَبْلِكُمْ وَمِنَ ٱلَّذِينَ أَشْرَكُوٓا۟ أَذًى كَثِيرًا

''നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽനിന്നും ബഹുദൈവാരാധകരിൽ നിന്നും നിങ്ങൾ ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടിവരികയും ചെയ്യും.'' (ആലുഇംറാൻ: 186)

അക്രമികളായ ബഹുദൈവാരാധകർ നബി(ﷺ)ക്കും അനുചരന്മാർക്കും ജാലവിദ്യക്കാരൻ, ഭ്രാന്തൻ, ജ്യോത്സ്യൻ, കള്ളവാദി തുടങ്ങിയ ശകാരവും പരിഹാസമുൾക്കൊള്ളുന്ന ഒട്ടനവധി ചീത്തപ്പേരുകളും വിളിക്കുകയുണ്ടായി.

വിശ്വാസവും വിജ്ഞാനവുമുള്ള പ്രവാചകന്റെ അനന്തരാവകാശികളായ പണ്ഡിതന്മാർക്കും പ്രവാചകന്മാരെപ്പോലെ ബഹുദൈവാരാധകരിൽ നിന്നും പരിഹാസപേരുകളും മർദനങ്ങളുമേൽക്കേണ്ടിവന്നു. വസ്തുനിഷ്ടമായി അറിവില്ലാത്ത എല്ലാ കക്ഷികളും അഹ്‌ലുസ്സുന്നത്തിന്നെതിരെ ആക്ഷേപങ്ങളും ശകാരവർഷവും ചൊരിഞ്ഞു. ഒന്നുകിൽ തങ്ങൾ സത്യത്തിലും മറ്റുള്ളവർ അസത്യത്തിലുമാണെന്ന തെറ്റിദ്ധാരണ. അല്ലെങ്കിൽ തങ്ങളുടെ കക്ഷിയോടുള്ള അതിരുകടന്ന പക്ഷപാതിത്വം. ഇതാണ് അഹ്‌ലുസ്സുന്നത്തിനെതിരെ വാളോങ്ങാൻ അവരെ പ്രേരിപ്പിച്ചത്.

ജഹ്മിയാക്കളും അവരെ പിന്തുടർന്ന സിഫാത്തു നിഷേധികളും അഹ്‌ലുസ്സുന്നത്തിനെ مُشَبِّهَةً (സിഫത്തുകളെ സാദൃശ്യപ്പെടുത്തുന്നവരെന്ന്) ആരോപിക്കുന്നു. അല്ലാഹുവിന്റെ വിശേഷണങ്ങളെ സ്ഥിരീകരിക്കുന്നത് സൃഷ്ടികളോട് അവനെ സാദൃശ്യപ്പെടുത്തൽ അനിവാര്യമായിവരുന്നുവെന്ന അവരുടെ പൊള്ളയായ വാദമനുസരിച്ചാണ്.

ശിയാക്കളിലെ തീവ്രവാദികളായ റവാഫിളികൾ അഹ്‌ലുസ്സുന്നത്തിനെ نواصباً (ശത്രുത പുലർത്തുന്നവരെന്ന്) ആരോപിക്കുന്നു. കാരണം അഹ്‌ലുസ്സുന്നത്തുകാർ നബി(ﷺ)യുടെ കുടുംബത്തെ ഉറ്റമിത്രങ്ങളാക്കിയതുപോലെ അബൂബക്കർ(رضي الله عنه)നെയും ഉമർ(رضي الله عنه)നെയും ഉറ്റമിത്രങ്ങളാക്കുന്നവരാണ്. എന്നാൽ അബൂബക്കർ(رضي الله عنه)വിനെയും ഉമർ(رضي الله عنه)നെയും ഉറ്റമിത്രങ്ങളാക്കുന്നവർ നബി(ﷺ)യുടെ കുടും

ബത്തിനോട് ശത്രുതപുലർത്തുന്നവരാണെന്നാണ് റാഫിളിയാക്കളുടെ വാദം. അതിരുവിട്ട പക്ഷപാതിത്തംമൂലം സ്വഹാബികളിൽ പ്രമുഖരായ 'അബൂബക്കർ(ﷺ)വിനോടും ഉമർ(ﷺ)നോടും ശത്രുത വെച്ചല്ലാതെ അഹ്ലുൽബൈത്തിനോട് സ്നേഹമുണ്ടാകുന്നതല്ല' എന്നാണവരുടെ ചിന്താഗതി.

സിഫാത്തു നിഷേധികളായ ഖദ്‌രിയാക്കൾ അഹ്ലുസ്സുന്നത്തിനെ مُجْبِرَةٌ (നിർബന്ധമാക്കുന്നവർ) എന്ന് ആരോപിക്കുന്നു. കാരണം അല്ലാഹുവിന്റെ ഖദ്‌റിൽ വിശ്വസിക്കൽ അഥവാ മനുഷ്യരുടെ പ്രവർത്തനങ്ങൾ അല്ലാഹു നേരത്തെ കണക്കാക്കുന്നുണ്ട് എന്ന വിധിയിലുള്ള വിശ്വാസം, സൃഷ്ടികളെ തെറ്റിന് നിർബന്ധിക്കലാണെന്നാണ് ഇവരുടെ വിശ്വാസം.

വിശ്വാസത്തിൽ الاستثناء (ഒഴിവാക്കിപറയൽ) പാടില്ല എന്ന് പറയുന്ന മുർജിആക്കൾ[1] അഹ്ലുസ്സുന്നത്തിനെ شُكّاكا (സംശയമുണ്ടാക്കുന്നവർ) എന്ന് ആരോപിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇവരുടെയടുക്കൽ വിശ്വാസം കേവലം ഹൃദയംകൊണ്ടുള്ള അംഗീകാരം മാത്രമാണ്. ഇതിൽ അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് പറയുന്നത് സംശയമുണ്ടാക്കുന്നതാണ്!!

വചന ശാസ്ത്രജ്ഞരും (أهل الكلام) തർക്ക ശാസ്ത്രകാരന്മാരും (المنطق) അഹ്ലുസ്സുന്നത്തിനെ حَشَوِيَّةً, نَوابِتاً, غثاءً എന്നിങ്ങനെ ആരോപിക്കുന്നു. حَشَوِيَّةً എന്നത് നിറക്കാനുപയോഗിക്കുന്ന സാധനം എന്നർത്ഥംവരുന്ന حَشْو എന്നതിൽനിന്നുള്ളതാണ്. അതുകൊണ്ടിവിടെ ഇവർ ഉദ്ദേശിക്കപ്പെടുന്നത് യാതൊരു ഉപകാരവുമില്ലാത്ത സംസാരം എന്നാണ്. نَوابِتاً എന്നാൽ കൃഷിയുടെകൂടെ മുളച്ചുപൊന്തുന്ന യാതൊരു പ്രയോജനവുമില്ലാത്ത പാഴ്ചെടികളാണ്. غثاءً എന്നാൽ മലവെള്ളത്തിൽ ഒലിച്ചുപോകുന്ന ചപ്പുചവറുകൾ. ഇവർ അഹ്ലുസ്സുന്നത്തിനെക്കുറിച്ച് ഇങ്ങനെ ആരോപിക്കാനുള്ള കാരണം ഇവരുടെ വാദപ്രകാരം തർക്കശാസ്ത്രമറിയാത്തവർ ദൃഢചിത്തതയില്ലാത്തവരും പ്രയോജനമില്ലാത്ത ആൾകൂട്ടവുമാകുന്നു.

യഥാർത്ഥത്തിൽ ഇവർ അഹങ്കരിക്കുന്ന ഈ ന്യായശാസ്ത്രം സത്യത്തിന് യാതൊരു പ്രയോജനവും ചെയ്യാത്തതാകുന്നു. ശൈഖുൽ ഇസ്‌ലാം (رحمه الله) അദ്ദേഹത്തിന്റെ الردُّ على المنطِقِيِّين (ന്യായശാസ്ത്രജ്ഞർക്കുള്ള ഖണ്ഡനം) എന്ന ഗ്രന്ഥത്തിൽ പറയുന്നു:

إني كنت دائماً أعلم أن المنطق اليونانِيَّ لا يحتاج إليه الذكي ولا ينتفع به البليد
''ബുദ്ധിയുള്ള ഒരാൾക്കും ഗ്രീക്കുകാരുടെ ന്യായ ശാസ്ത്രത്തിന്റെ ആവശ്യമില്ലെന്നും, ബുദ്ധിമാന്ദ്യമുള്ളവർക്ക് അതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്നും എനിക്ക് എന്നും അറിയാമായിരുന്നു.''

[1] മനുഷ്യരുടെ പ്രവർത്തനങ്ങളെ ഈമാനിൽ നിന്നും വേർപ്പെടുത്തി അവയെ പരലോകത്തേക്ക് പിന്തിക്കുന്നവരാണ് ഇവർ.